5753
24/11/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുകയും രേഖകൾ ഹാജരാക്കുവാൻ കാലതാമസം നേരിടുകയും ചെയ്തവർക്കും കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(സാധാ) നം. 4832 /2018/റവ തിരുവനന്തപുരം തീയതി. 22.11.2018

പരാമർശം- 1. 13.12.2017 തീയതിയിലെ സ.ഉ(സാധാ) നം 5330/2017/റവ
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 27.04.2018 ലെ എ 5/12340/09 നമ്പർ കത്ത്.

## ഉത്തരവ്

ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന 185 പേർക്ക്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 20000/- രൂപ വീതം ധനസഹായം അനുവദിച്ച് പരാമർശ (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുകയും രേഖകൾ ഹാജരാക്കുവാൻ കാലതാമസം നേരിടുകയും ചെയ്ത 41 പേരുടെ ലിസ്റ്റ് കൂടി ഇപ്പോൾ, തിരുവന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കുകയും ആയതിൽ 6 പേർ കൊല്ലം ജില്ലാ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതിനാൽ അവർക്ക് നൽകുന്നതിനുള്ള ധനസഹായം കൊല്ലം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് കഴിച്ച് ബാക്കിയുള്ള 35 പേർക്ക് കൂടി 20000/- രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ മേൽ വിഷയം പരിശോധിച്ചു. ഓഖി ചുഴലിക്കൊടുങ്കാറ്റിൽ പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുകയും ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ കാലതാമസം നേരിടുകയും ചെയ്ത പരാമർശം 2 ൽ ഉൾപ്പെട്ട 35 പേർക്ക് കൂടി 20000/- രൂപ വീതം ആകെ 7,00,000/- ( ഏഴ് ലക്ഷം രൂപ മാത്രം ) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

ടി 7,00,000/- ( ഏഴ് ലക്ഷം രൂപ മാത്രം ) രൂപ 2075-00-800-40

Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഗീത.എൽ
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം,കൊല്ലം,
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഫിഷറീസ് വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sreelatha A.S.
സെക്ഷൻ ഓഫീസർ